# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1317 — 02.03.2017 -ലെ മറുപടിയ്ക്ക്

**ബിരുദ ബിരുദാനന്തര സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി**

*ചോദ്യം*

ശ്രീ.റോഷി അഗസ്റ്റിൻ
, മോൻസ് ജോസഫ്
,, സി.എഫ്.തോമസ്
ഡോ.എൻ. ജയരാജ്

*ഉത്തരം*

**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ബിരുദ ബിരുദാനന്തര കോഴ്സുകൾ പാസ്സാകുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ യോഗ്യത സർട്ടിഫിക്കറ്റ് നൽകണമെന്നുള്ള വ്യവസ്ഥ നിലവിലുണ്ടോ; നിലവിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് എത്രദിവസം കാലദൈർഘ്യം നേരിടുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | UGC നിയമ പ്രകാരം ബിരുദ ബിരുദാനന്തര കോഴ്സുകളുടെ ബിരുദ സർട്ടിഫിക്കറ്റുകൾ പരീക്ഷ പാസ്സായി 6 മാസത്തിനകം നൽകേണ്ടതുണ്ട്. കേരള സർവ്വകാലശാല സെനറ്റ് അംഗീകാരത്തിന് വിധേയമായി അപേക്ഷിച്ച് 15 ദിവസത്തിനകം ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മലയാള സർവ്വകലാശാലിയിൽ ഫലം പ്രഖ്യാപനം കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ തന്നെ സർട്ടിഫിക്കറ്റുകൽ വിതരണം ചെയ്തുവരുന്നു.<br><br>ന്യൂവാൽസിൽ നിശ്ചിത ഫീസടച്ച് 45 ദിവസത്തിനകം യോഗ്യത സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്.<br><br>കണ്ണൂർ സർവ്വകലാശാലയിൽ നിലവിൽ അപേക്ഷിച്ച് ഒരു വർഷത്തിനുള്ളിൽ ആണ് സർട്ടിഫിക്കറ്റ് സാധരണ ലഭ്യമാക്കുന്നത്.<br><br>കാലിക്കറ്റ് സർവ്വകലാശാലയിൽ ഫലപ്രഖ്യാപനത്തിന് ശേഷം നടക്കുന്ന അടുത്ത സെനറ്റ് മീറ്റിംഗിൽ ഡിഗ്രി |

| | | | |
|---|---|---|---|
| | | | അവാർഡ് ചെയ്യപ്പെടുന്നു. അതിനുശേഷം ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നു.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ, ബിരുദ ബിരുദാനന്തര കോഴ്സുകൾ പാസാകുന്നവർക്ക്, ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള വിദ്യാർത്ഥികളുടെ അപേക്ഷ ലഭിക്കുന്ന തീയതിയോ അക്കാദമിക് കൗൺസിൽ ഡിഗ്രി അംഗീകരിക്കുന്ന തീയതിയോ ഏതാണോ ഒടുവിൽ വരുന്നത് അതുകഴിഞ്ഞ് 180 ദിവസത്തിനുള്ളിൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകണം എന്ന നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് നൽകുന്നുണ്ട്.<br><br>ബിരുദം നൽകുവാൻ സർവ്വകലാശാല തീരുമാനമെടുത്തശേഷം വിദ്യാർത്ഥികളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് എം. ജി. സർവ്വകലാശാലയിൽ ബിരുദ സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ട്.<br><br>കുസാറ്റിൽ 30.09.2016 ലെ അക്കാദമിക് കൗൺസിൽ തീരുമാനപ്രകാരം യോഗ്യത സർട്ടിഫിക്കറ്റ്, അപേക്ഷ ലഭിച്ച് 3 മാസത്തിനുള്ളിൽ നൽകേണ്ടതാണ്. ഈ തീരുമാനത്തിനു മുൻപ് ലഭിച്ച അപേക്ഷകർക്ക് സാധാരണായായി 6 മാസത്തിനുള്ളിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു. സർട്ടിഫിക്കറ്റുകൾ അത്യാവശ്യം വേണ്ടവർക്ക് പ്രത്യേക ഫീസ് നൽകിയാൽ 20 ദിവസത്തിനുള്ളിൽ ഇവ വിതരണം ചെയ്യുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് മുന്നോടിയായി സർവ്വകലാശാലകളിൽ നിന്ന് ഇഷ്യൂ ചെയ്യപ്പെടുന്ന പ്രൊവിഷണൽ സർട്ടിഫിക്കറ്റുകളുടെ കാലാവധി എത്രയെന്നും, ഇപ്രകാരം ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ കേന്ദ്ര-സംസ്ഥാന സർക്കാർ സർവ്വീസുകളിൽ പ്രവേശനം നേടുന്നതിന് സ്വീകാര്യമാണോയെന്നും വിശദമാക്കുമോ; | (ബി) | പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾകക് പ്രത്യേക കാലപരിധി നിശ്ചയിച്ചിട്ടില്ല. ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കുന്നതു വരെ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഉപയോഗിക്കാം. ഇതിന്റെ സ്വീകാര്യത നിശ്ചയിക്കേണ്ടത് അതാത് സ്ഥാപനങ്ങളാണ്. |
| (സി) | സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ ലഭിക്കുന്നതിനുള്ള സംവിധാനമായ ഫാസ്റ്റ് ട്രാക്കിൽ അപേക്ഷിക്കാനുള്ള സാമ്പത്തിക ശേഷിയില്ലാത്തവരുടെ പ്രശ്നം പരിഹരിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) & (ഡി) | ഇക്കാര്യം വിശദമായി പരിശോധിക്കേണ്ടതുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ബിരുദ, ബിരുദാനന്തര സർട്ടിഫിക്കറ്റുകൾ ഇഷ്യൂ ചെയ്യുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് സർട്ടിഫിക്കറ്റ് വിതരണം ഓൺലൈൻ സംവിധാനത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**